**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3775** **02-03-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡിന്റെ വസ്തുവകകളിൽ കൈയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം കയ്യേറ്റങ്ങൾ കണ്ടുപിടിച്ചതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ; | (എ) | വഖഫ് ബോർഡിന്റെ വസ്തുവകകളിൽ കൈയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വഖഫ് വസ്തുക്കൾ അന്യകൈവശത്തിൽ വന്നതായി പരാതികൾ ലഭിച്ച മുറയ്ക്ക് വഖഫ് നിയമം 54 പ്രകാരം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നടത്തിയ അന്വേഷണവിചാരണയിൽ തിരുവനന്തപുരം-4, കൊല്ലം-1, ആലപ്പുഴ-5, കോട്ടയം-2, ഇടുക്കി-1, എറണാകുളം-56, തൃശ്ശൂർ-24, പാലക്കാട്-3, മലപ്പുറം-21, കോഴിക്കോട്-54, കണ്ണൂർ-88, കാസർഗോഡ്-7 എന്നിങ്ങനെ 266 അനധികൃത കൈയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി കണ്ടെത്തുകയും പ്രസ്തുത വസ്തു വഹകൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചതിലൂടെ എത്ര രൂപയുടെ സ്വത്തും ഭൂമിയും തിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ? | (ബി) | പ്രസ്തുത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വഖഫ് സ്വത്തുക്കളുടെ മൂല്യവും മറ്റുമുള്ള വിശദാംശങ്ങളിൽ വ്യക്തത വരികയുള്ളൂ. |

സെക്ഷൻ ഓഫീസർ